**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റ ശേഷവും നാളിതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണം, ജീവഹാനി സംഭവിച്ചവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, കൃഷിനാശത്തിലൂടെ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്നതിന്റെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റ ശേഷവും നാളിതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണം, ജീവഹാനി സംഭവിച്ചവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, കൃഷിനാശത്തിലൂടെ സംഭവിച്ച നഷ്ടം എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | ജീവഹാനി സംഭവിച്ചവരുടെ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; പരിക്കേറ്റ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്; കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചത്, പരിക്കേറ്റവർക്ക് ചികിത്സാസഹായം അനുവദിച്ചത്, കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയത് എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ നൽകാത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം സഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ? | (സി) | കൃത്യമായി രേഖകൾ ഹാജരാക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ട്ടപരിഹാരം നൽകിവരുന്നുണ്ട്. എന്നാൽ മതിയായ ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകൾ സമർപ്പിക്കാത്തത്, മരണപ്പെട്ട ആളെ തിരിച്ചറിയാൻ കഴിയാത്തത്, അപേക്ഷ സമർപ്പിക്കാൻ കഴിയാത്തത് തുടങ്ങിയ കാരണങ്ങളാൽ 2021-2022 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഇതുവരെ 6773 അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. ഇത് സംബന്ധിച്ച വിവരം അനുബന്ധം -3 ആയി ചേർത്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| വർഷം | വന്യജീവി ആക്രമണങ്ങളുടെ എണ്ണം | ജീവഹാനി സംഭവിച്ചവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | കൃഷിനാശത്തിലൂടെ ഉണ്ടായ നഷ്ടം (ലക്ഷത്തിൽ) |
|---|---|---|---|---|
| 2016 | 6262 | 142 | 712 | 315.19 |
| 2017 | 7141 | 110 | 851 | 771.55 |
| 2018 | 7631 | 134 | 803 | 408.74 |
| 2019 | 6417 | 100 | 789 | 357.56 |
| 2020 | 7203 | 100 | 1159 | 366.15 |
| 2021 | 8170 | 127 | 1150 | 2307.83 |
| 2022 | 7515 | 111 | 1211 | 2069.92 |
| 2023 | 5500 | 85 | 817 | 247.04 |
| ആകെ | **55839** | **909** | **7492** | **6843.98** |

# <u>അനുബന്ധം - 2</u>

| വർഷം | ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചത് (എണ്ണം) | പരിക്കേറ്റവർക്ക് ചികിത്സാസഹായം അനുവദിച്ചത് (എണ്ണം) | കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയത് (എണ്ണം) |
|---|---|---|---|
| 2016 | 118 | 749 | 5029 |
| 2017 | 93 | 858 | 5167 |
| 2018 | 107 | 743 | 6007 |
| 2019 | 80 | 736 | 4872 |
| 2020 | 85 | 1004 | 5378 |
| 2021 | 105 | 892 | 5783 |
| 2022 | 70 | 877 | 4686 |
| 2023 | 48 | 200 | 2629 |
| ആകെ | **706** | **6059** | **39551** |

**അനുബന്ധം – 3**

| വർഷം | നഷ്ടപരിഹാരം നൽകാനുള്ള എണ്ണം |
|---|---|
| 2021-22 | 1191 |
| 2022-23 | 2222 |
| 2023-24 | 3360 |
| ആകെ | 6773 |